18 (1561) പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഓരോ വിദ്യാർത്ഥികൾക്കും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഉള്ള സൗകര്യങ്ങൾ അനുബന്ധം 1† ലും പട്ടികവർഗ്ഗ-വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ അനുബന്ധം 2† ലും ചേർത്തിരിക്കുന്നു.

19 (1562) പ്രീ-മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പ്രദേശമായ കോന്നിയിൽ ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ തുടങ്ങുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ സർക്കാർ എന്തു തീരുമാനമെടുത്തു എന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യം ജനപ്രതിനിധികൾ ആവശ്യപ്പെട്ടിട്ടും പരിശോധിക്കാതിരിക്കാനുള്ള കാരണം എന്തെന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) പരിശോധിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് പുതിയ പ്രീ-മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്നില്ല. അതിനാൽ കോന്നിയിൽ പ്രീ-മെട്രിക് ഹോസ്റ്റൽ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്.

(സി) പ്രീ-മെട്രിക് ഹോസ്റ്റലുകൾക്ക് അവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ പുതുതായി പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുപകരം എല്ലാ ജില്ലയിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ കുറെ വർഷങ്ങളായി പുതുതായി പ്രീ-മെട്രിക് ഹോസ്റ്റൽ തുടങ്ങേണ്ടതില്ല എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കോന്നിയിൽ മാത്രം പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കേണ്ടതില്ല എന്ന തീരുമാനം എടുത്തത്.

20 (1563) പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കായംകുളത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് കെട്ടിടം അന്വേഷിച്ച് ഹരിജൻ വെൽഫെയർ ഓഫീസർ ആറുമാസം മുൻപ് മൂന്ന് തവണ സ്ഥലം എം.എൽ.എ. യുമായി ചർച്ച നടത്തിയ കാര്യം സർക്കാർ അറിഞ്ഞിട്ടുണ്ടോ;

(ബി) കോളേജ് വർഷം ആരംഭിച്ചിട്ടും ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് ഒരു നടപടിയും എടുക്കാത്തത് എന്തു കൊണ്ടാണെന്ന് അറിയിക്കുമോ;

(സി) പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കണമെന്ന് കാണിച്ച് കായംകുളം എം.എൽ.എ. നൽകിയ നിവേദനങ്ങളുടെ തീയതികൾ വെളിപ്പെടുത്തുമോ;

(ഡി) നിവേദനങ്ങൾക്ക് നൽകിയ മറുപടികളുടെ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(ഇ) പി.ജി. വിദ്യാർത്ഥികളടക്കം ആറായിരം വിദ്യാർത്ഥികളുള്ള കായംകുളം എം.എസ്.എം.കോളേജിൽ മാത്രം അറുന്നൂറിൽപ്പരം പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ട് എന്ന കാര്യം കണക്കിലെടുത്ത് അടിയന്തിരമായി കായംകുളത്ത് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് അനേകം പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്ന നിരവധി കോളേജുകൾ ഉണ്ട്. അവിടെയൊക്കെ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുവാൻ സാമ്പത്തികമായും സാങ്കേതികമായും പല പ്രയാസങ്ങൾ ഉണ്ട്. ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഗ്രാമപ്രദേശങ്ങളിൽപോലും ലഭ്യമായ സാഹചര്യത്തിലും മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള സാഹചര്യത്തിലും കഴിഞ്ഞ 20 വർഷങ്ങളായി പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഒന്നും ആരംഭിച്ചിട്ടില്ല. കൂടാതെ പ്ലസ്ടു ഇപ്പോൾ ഒട്ടുമിക്ക സ്കൂളുകളിലും ആരംഭിച്ചിട്ടുണ്ട്. ഈ കാരണങ്ങൾകൊണ്ടാണ് പുതുതായി ഹോസ്റ്റലുകൾ ആരംഭിക്കാത്തത്.

(സി) 6.3.1997, 15.1.1998, 12.1.1999.

(ഡി) നിവേദനത്തിനുള്ള മറുപടിയായി കായംകുളം എം.എസ്.എം. കോളേജ്, നങ്ങ്യാർകുളങ്ങര ടി.കെ.എം.എം. എന്നീ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ ഭൂരിഭാഗവും 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവരായതുകൊണ്ട് ഹോസ്റ്റൽ ആരംഭിച്ചാൽ കുട്ടികളെ ലഭിയ്ക്കുവാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നതാണെന്നും ഹോസ്റ്റലിനുവേണ്ടി ടി സ്ഥലത്ത് യോജിച്ച വാടകകെട്ടിടം ലഭിക്കുന്നതിന് സാദ്ധ്യതയില്ലാത്തതിനാൽ ഹോസ്റ്റൽ ആരംഭിക്കുന്നതിന് ബുദ്ധിമുട്ടാണെന്നുമാണ് ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് മറുപടി നൽകിയത്.

(ഇ) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly